**<u>15 -ാം കേരള നിയമസഭ</u>**

**<u>14 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3778</u>** **<u>09-10-2025 - ൽ മറുപടിയ്ക്ക്</u>**

**<u>പരീക്ഷകളുടെ പുനർ മൂല്യനിർണയം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്** | | **ഡോ. ആർ. ബിന്ദു (ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കാലിക്കറ്റ് സർവകലാശാല അഞ്ചാം സെമസ്റ്റർ ബി.എ, ബി.എസ്.സി, ബി.കോം, ബി.ബി.എ. നവംബർ-2022, നവംബർ-2023, നവംബർ-2024 റഗുലർ, സപ്ലിമെന്ററി പരീക്ഷകളുടെ വിവിധ കോഴ്സുകളുടെ(പേപ്പർ) പുനർ മൂല്യനിർണയത്തിന് നിയോഗിക്കപ്പെട്ട അദ്ധ്യാപകരുടെ ആകെ എണ്ണം, പ്രോഗ്രാം, പരീക്ഷ സെഷൻ എന്നിവ തിരിച്ച് ലഭ്യമാക്കുമോ; | (എ) | **<u>അനുബന്ധം 1</u>**-ൽ നൽകിയിരിക്കുന്നു. |
| (ബി) | പ്രസ്തുത പ്രോഗ്രാമുകളുടെ അഞ്ചാം സെമസ്റ്റർ പരീക്ഷകളുടെ നവംബർ-2022, നവംബർ- 2023, നവംബർ-2024 സെഷനുകളിൽ ഒരേ കോഴ്സിന്റെ (പേപ്പർ) പുനർമൂല്യ നിർണ്ണയത്തിൽ പങ്കെടുത്ത അദ്ധ്യാപകരുടെ എണ്ണവും വ്യത്യസ്ത കോഴ്സുകളുടെ (പേപ്പറുകളുടെ) പുനർമൂല്യ നിർണ്ണയത്തിൽ ഈ മൂന്നു സെഷനുകളിലും പങ്കെടുത്ത അദ്ധ്യാപകരുടെ എണ്ണവും പ്രത്യേകം ലഭ്യമാക്കാമോ; | (ബി) | **<u>അനുബന്ധം 2</u>** -ൽ നൽകിയിരിക്കുന്നു. |
| (സി) | പരീക്ഷാ ഫലപ്രഖ്യാപനത്തിന് ശേഷം ഉത്തരപേപ്പറുകളുടെ സൂക്ഷ്മ പരിശോധനയ്ക്കും പകർപ്പിനും വേണ്ടി അപേക്ഷിക്കുന്ന വിദ്യാർത്ഥികൾക്ക് അവ അനുവദിക്കുന്നതിന് സർവകലാശാലകൾ സ്വീകരിച്ചു വരുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ; | (സി) | **<u>കേരള സർവ്വകലാശാല</u>**<br><br>പരീക്ഷ എഴുതിയ വിദ്യാർത്ഥികൾക്ക് പരീക്ഷാ ഫലപ്രഖ്യാപനത്തിന് ശേഷം ഉത്തരപേപ്പറുകളുടെ സൂക്ഷ്മപരിശോ ധനക്കായി സർവകലാശാല നിർദ്ദേശിക്കുന്ന അവസാന തീയതിയിലോ അതിന് മുമ്പോ പരീക്ഷാ കൺട്രോളർക്ക് നിശ്ചിത ഫീസ് അടച്ച് അപേക്ഷിക്കാവുന്നതാണ്. അനുവദിക്കുന്ന തീയതികളിൽ ഹാജരായി ഉത്തരക്കടലാസുകളുടെ തിരിച്ചറിയൽ നടത്തി വിദ്യാർത്ഥികൾക്ക് മാർക്കുകൾ പരിശോധിക്കാവുന്നതാണ്. പുനർമൂല്യ നിർണ്ണയത്തിന് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഉത്തരക്കടലാസുകളുടെ പകർപ്പ് ആവശ്യപ്പെടുന്ന പക്ഷം പുനർമൂല്യ നിർണ്ണയ ഫലപ്രഖ്യാപനത്തിന് ശേഷം 6 മാസത്തിനുള്ളിൽ |

നിശ്ചിത ഫീസ് ഒടുക്കി പകർപ്പിനുള്ള അപേക്ഷ സമർപ്പിക്കുകയാണെകിൽ പകർപ്പ് നൽകുന്നതാണ്.

**<u>മഹാത്മാഗാന്ധി സർവ്വകലാശാല</u>**

ഫലപ്രഖ്യാപന വിജ്ഞാപനത്തിൽ തന്നെ സൂക്ഷ്മ പരിശോധനയ്ക്ക് അപേക്ഷ സമർപ്പിക്കേണ്ട തീയതിയും രേഖപ്പെടുത്തുന്നുണ്ട്, നിർദിഷ്ട സമയപരിധിക്കുള്ളിൽ ലഭിക്കുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിൽ, സൂക്ഷ്മ പരിശോധനക്കായി വിദ്യാർത്ഥികൾ സർവ്വകലാശാലയിൽ എത്തിച്ചേരേണ്ട തീയതിയും സമയവും അറിയിക്കുകയും, നിശ്ചയിക്കപ്പെട്ട തീയതിയിൽ സൂക്ഷ്മ പരിശോധന നടത്തുന്നതിന് അനുവദിക്കുകയും ചെയ്യുന്നു. നിശ്ചിത ഫീസിനോടൊപ്പം ഉത്തരക്കടലാസിന്റെ പകർപ്പിനായി അപേക്ഷിക്കുന്ന വിദ്യാർത്ഥികൾക്ക് ഫലപ്രഖ്യാപന തീയതി മുതൽ മൂന്ന് മാസത്തിനകം പകർപ്പുകൾ ലഭ്യമാക്കുന്നതാണ്.

**<u>കാലിക്കറ്റ് സർവ്വകലാശാല</u>**

പരീക്ഷാഫലപ്രഖ്യാപനത്തിന്റെ വിജ്ഞാപനത്തോടൊപ്പം തന്നെയാണ് സൂക്ഷ്മപരിശോധന, പുനർമൂല്യനിർണ്ണയം, ഉത്തരക്കടലാസുകളുടെ പകർപ്പ് എന്നിവയ്ക്ക് ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള വിജ്ഞാപനവും ഉണ്ടാവുക. ഉത്തരക്കടലാസുകളുടെ സൂക്ഷപരിശോധന പൂർത്തിയാകുന്ന മുറക്ക് ആയതിന്റെ ഫലം സർവകലാശാലയുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. തുടർന്ന് ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയ ഫലവും പ്രസിദ്ധീകരിച്ച ശേഷം ഉത്തരക്കടലാസുകളുടെ പകർപ്പിന് അപേക്ഷിച്ച വിദ്യാർത്ഥികൾക്ക് ആയത് തപാൽ മുഖേന അയച്ചുനൽകുകയാണ് ചെയ്യുന്നത്. എന്നാൽ പുതുതായി ആരംഭിച്ച നാലുവർഷ ബിരുദപ്രോഗ്രാമുകളുടെ (FYUGP) കാര്യത്തിൽ പരീക്ഷാഫല പ്രഖ്യാപനത്തിന്റെ വിജ്ഞാപനത്തോടൊപ്പം ഉത്തരക്കടലാസുകളുടെ പകർപ്പിന് ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള അവസരമാണ് ആദ്യം നൽകുക. പിന്നീട്, സൂക്ഷ്മപരിശോധന, പുനർമൂല്യനിർണ്ണയം എന്നിവയ്ക്ക് ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള അവസരം നൽകുന്നു. തുടർന്ന്, ഉത്തരക്കടലാസുകളുടെ സൂക്ഷപരിശോധന പൂർത്തിയാകുന്ന മുറക്ക്

ആയതിന്റെ ഫലം സർവകലാശാലയുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

**<u>കണ്ണൂർ സർവ്വകലാശാല</u>**

പുനർ മൂല്യനിർണയത്തിന് അപേക്ഷിക്കാനുള്ള സമയപരിധിക്കു ശേഷം ഉത്തരക്കടലാസുകൾ സ്റ്റോറിൽ നിന്നും ലഭ്യമാക്കുകയും, സൂക്ഷ്മ പരിശോധനക്ക് അപേക്ഷിച്ച വിദ്യാർത്ഥികളുടെ മാർക്ക് ഷീറ്റ് സൂക്ഷ്മ പരിശോധനക്ക് വിധേയമാക്കുകയും, ഉത്തരക്കടലാസിന്റെ പകർപ്പ് അപേക്ഷിച്ച വിദ്യാർത്ഥികളുടെ ഉത്തരപേപ്പറിന്റെ ഫോട്ടോകോപ്പി തയ്യാറാക്കി അപേക്ഷയിൽ ലഭ്യമാക്കിയ മേൽവിലാസത്തിലേക്ക് അയച്ചുകൊടുക്കുകയും ചെയ്യുന്നു. സൂക്ഷ്മ പരിശോധനാ ഫലം, പുനർമൂല്യനിർണ്ണയ ഫലം പ്രസിദ്ധീകരിക്കുമ്പോൾ അതിനൊപ്പം തന്നെ സർവകലാശാലയുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

**<u>ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല</u>**

പരീക്ഷാ മാന്വൽ പ്രകാരം പുനർമൂല്യനിർണ്ണയ ഫല പ്രഖ്യാപന തീയതി മുതലുള്ള 10 ദിവസത്തിനുള്ളിൽ സമർപ്പിക്കുന്ന വിദ്യാർത്ഥികളുടെ അപേക്ഷയും പരീക്ഷാ മാന്വൽ ചാപ്റ്റർ പ്രകാരം ഉത്തരക്കടലാസ് തിരിച്ചറിയുന്നതിനും മാർക്ക് കൂട്ടി നോക്കുന്നതിനും അനുവദിക്കാവുന്നതാണ്.

**<u>കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല</u>**

പുനർമൂല്യ നിർണ്ണയം ബാധകമായ എല്ലാ കോഴ്സുകളുടെയും ഉത്തരപേപ്പറുകളുടെ സാക്ഷ്യപെടുത്തിയ പകർപ്പ്, ലഭിച്ച മാർക്ക് എന്നിവ വിദ്യാർത്ഥികൾക്ക് നൽകാറുണ്ട്. ഇവ ലഭിക്കുന്നതിനു വേണ്ടി വിദ്യാർത്ഥികൾ പുനർമൂല്യനിർണ്ണയം പ്രസിദ്ധീകരിച്ച് മാസത്തിനുള്ളിൽ നിശ്ചിത മാതൃകയിലുള്ള അപേക്ഷയിൽ സർവ്വകലാശാല നിഷ്കർഷിച്ചിട്ടുള്ള ഫീസ് ഒടുക്കി സമർപ്പിക്കുകയാണ് ചെയ്യേണ്ടത്. ടി അപേക്ഷകൾ സർവ്വകലാശാലയിൽ ലഭിച്ച് രണ്ട് ആഴ്ച്ചയ്ക്കുള്ളിൽ ഉത്തരകടലാസിന്റെ പകർപ്പും അനുബന്ധ രേഖകളും വിദ്യാർത്ഥികൾക്ക് നൽകുന്നതാണ്.

**<u>തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല</u>**

നാലുവർഷ ബിരുദപ്രോഗ്രാമു കളിൽ പുനർമൂല്യനിർണയം സർവകലാശാലയിൽ

| | | | |
|---|---|---|---|
| | | | അനുവദിച്ചു വരുന്നു. പരീക്ഷാഫലം പ്രസിദ്ധീകരിച്ച് രണ്ടാഴ്ചക്കുള്ളിൽ നിശ്ചിത ഫീസ് അടവാക്കി വിദ്യാർത്ഥികൾക്ക് പുനർമൂല്യനിർണയത്തിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഇത്തരം അപേക്ഷകൾ താമസം കൂടാതെ മറ്റൊരു പരിശോധകൻ മൂല്യനിർണയം നടത്തി ലഭ്യമാക്കിയ ഗ്രേഡ് വിദ്യാർത്ഥികൾക്ക് അനുവദിച്ചു നൽകുന്നതാണ്.<br><br>**<u>ന്യൂവാൽസ്</u>**<br><br>വിദ്യാർത്ഥികൾ ആവശ്യപ്പെട്ടൽ അനുവദിക്കാറുണ്ട്.<br><br>**<u>എ.പി.ജെ അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല</u>**<br><br>പരീക്ഷാ ഫലപ്രഖ്യാപനത്തിനു ശേഷം പോർട്ടലിൽ നിശ്ചിത ഫീ അടച്ച് വിദ്യാർത്ഥികൾക്ക് ഉത്തര പേപ്പറിന്റെ പകർപ്പിനു അപേക്ഷിക്കാവുന്നതാണ്. മൂല്യ നിർണയ ക്യാമ്പുകളിൽ നിന്ന് ഇവ അപ്ലോഡ് ചെയ്യുന്ന മുറയ്ക്ക് വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നു.<br><br>**<u>ശ്രീ നാരായണഗുരു ഓപ്പൺ സർവ്വകലാശാല</u>**<br><br>പരീക്ഷാ ഫല പ്രഖ്യാപനത്തിനോടൊപ്പം തന്നെ ഉത്തരപേപ്പറുകളുടെ ഡിജിറ്റൽ പകർപ്പിനും അപേക്ഷകൾ ക്ഷണിച്ചു വരുന്നു. നിശ്ചിത ഫീസടച്ച് നിർദ്ദിഷ്ട തീയതിക്കകം ഓൺലൈനായി ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ചു ഉത്തരക്കടലാസ്സുകളുടെ Softcopy ബന്ധപ്പെട്ട അപേക്ഷകർക്ക് ഇമെയിൽ മുഖാന്തിരം നല്കി വരുന്നു. |
| (ഡി) | 01.01.2023 മുതൽ 31.08.2025 വരെയുള്ള കാലയളവിൽ വിവിധ പരീക്ഷകളുടെ ഉത്തരപേപ്പറുകളുടെ പകർപ്പിന് വേണ്ടി അപേക്ഷിച്ച വിദ്യാർത്ഥികൾക്ക് പകർപ്പ് അനുവദിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (ഡി) | ഒന്നാം സെമസ്റ്റർ BSc/BCA പരീക്ഷ നവംബർ 2021, ഒന്നാം സെമസ്റ്റർ BSc/BCA പരീക്ഷ നവംബർ 2022, രണ്ടാം സെമസ്റ്റർ BSc / BCA പരീക്ഷ ഏപ്രിൽ 2023, മൂന്നാം സെമസ്റ്റർ BSc/BCA പരീക്ഷ നവംബർ 2022, മൂന്നാം സെമസ്റ്റർ BSc/BCA പരീക്ഷ നവംബർ 2023, നാലാം സെമസ്റ്റർ BSc/BCA പരീക്ഷ ഏപ്രിൽ 2023, അഞ്ചാം സെമസ്റ്റർ BSc/BCA പരീക്ഷ നവംബർ 2022, അഞ്ചാം സെമസ്റ്റർ BSc/BCA പരീക്ഷ നവംബർ 2023, ആറാം സെമസ്റ്റർ BSc/BCA പരീക്ഷ ഏപ്രിൽ 2023 എന്നീ പരീക്ഷകളുടെ ഉത്തരക്കടലാസ്സിന്റെ പകർപ്പുകൾ കാലിക്കറ്റ് സർവ്വകലാശാല പൂർണമായി നൽകി കഴിഞ്ഞിട്ടില്ല. |
| (ഇ) | പകർപ്പ് അനുവദിക്കാൻ കഴിയാത്ത വിദ്യാർത്ഥികളുടെ അപേക്ഷകളിൽ | (ഇ) | പ്രസ്തുത വിഷയത്തിൽ, കാലിക്കറ്റ് സർവ്വകലാശാല തീരുമാനം ഒന്നും കൈക്കൊണ്ടിട്ടില്ല. |

| | | | |
|---|---|---|---|
| | സർവകലാശാല സ്വീകരിച്ച തീരുമാനം ലഭ്യമാക്കാമോ; പ്രസ്തുത വിഷയത്തിൽ സർവകലാശാല സിൻഡിക്കേറ്റിന്റെ പരീക്ഷാ സ്ഥിരം സമിതി, സിൻഡിക്കേറ്റ് എന്നിവയെടുത്ത തീരുമാനം ലഭ്യമാക്കാമോ; | | |
| (എഫ്) | ഇത്തരത്തിൽ പരീക്ഷാർത്ഥികൾക്ക് ഉത്തരക്കടലാസിന്റെ പകർപ്പ് നൽകാൻ കഴിയാത്തത് എന്തു കാരണത്താലാണെന്ന് വിശദമാക്കാമോ? | (എഫ്) | 01.01.2023 മുതൽ 30.11.2023 വരെയുള്ള കാലയളവിൽ ഓഫീസിൽ നേരിട്ട് വരുന്നവർക്ക് മാത്രമാണ് ഉത്തരക്കടലാസുകളുടെ പകർപ്പുകൾ നൽകിയിരുന്നത് എന്നതിനാലാണ് ഉത്തരക്കടലാസുകളുടെ പകർപ്പുകൾ ഭാഗികമായി മാത്രം സർവകലാശാല നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം – 1</u>**

| | ബി.എ | ബി.എസ്.സി | ബി.കോം/ ബി.ബി.എ |
|---|---|---|---|
| അഞ്ചാം സെമസ്റ്റർ നവംബർ2022 | 22 | 25 | 23 |
| അഞ്ചാം സെമസ്റ്റർ നവംബർ2023 | 41 | 48 | 44 |
| അഞ്ചാം സെമസ്റ്റർ നവംബർ2024 | 31 | 45 | 52 |

S. J [signature]

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം – 2</u>

അഞ്ചാം സെമസ്റ്റർ ബി.എ, ബി.എസ്.സി, ബി.കോം, ബി.ബി.എ പരീക്ഷകളുടെ നവംബർ 2022, 2023, 2024 സെഷനുകളിൽ ഒരേ കോഴ്സിന്റെയും വ്യത്യസ്ഥ കോഴ്സിന്റെയും പുനർമൂല്യനിർണ്ണയത്തിൽ പങ്കെടുത്ത അധ്യാപകരുടെ എണ്ണം താഴെ പറയും പ്രകാരമാണ് :

| | **അധ്യാപകരുടെ എണ്ണം** | | |
|---|---|---|---|
| | **നവംബർ 2022** | **നവംബർ 2023** | **നവംബർ 2024** |
| ഒരേ പേപ്പർ (കോമൺ കോഴ്സ് – ലാഗ്വേജസ്) | ഇംഗ്ലീഷ് – 3<br>ഫംഗ്ഷണൽ ഇംഗ്ലീഷ് – 1<br>അറബിക് – 3<br>മലയാളം – 1<br>സംസ്കൃതം – 1 | അറബിക് – 1<br>ഇംഗ്ലീഷ് – 12<br>ഹിന്ദി – 1<br>മലയാളം – 4<br>സംസ്കൃതം – 1 | ഇംഗ്ലീഷ് – 15<br>മലയാളം – 1<br>അറബിക് – 1 |
| **ആകെ** | **9** | **19** | **17** |
| വ്യത്യസ്ത പേപ്പർ (കോഴ്സ്/സബ്ജക്റ്റ്സ്) | ബി.എ<br>ഇക്കണോമിക്സ് – 1<br>സോഷ്യൽ വർക്ക് – 1<br>ജേർണലിസം – 3<br>സോഷ്യോളജി – 1<br>മ്യൂസിയോളജി – 1<br>ഫിലോസഫി – 1<br>മൾട്ടിമീഡിയ – 1<br>പൊളിറ്റിക്കൽ സയൻസ് – 2<br>ട്രാവൽ & ടൂറിസം മാനേജ്മെന്റ് – 1<br>ഹിസ്റ്ററി – 1<br><br>ബി.എസ്.സി<br>ഫുഡ് ടെക്നോളജി – 2<br>ബോട്ടണി – 1<br>സുവോളജി – 2<br>ബയോളജി – 1<br>ഇലക്ട്രോണിക്സ് – 2<br>സൈക്കോളജി – 2<br>കെമിസ്ട്രി – 2<br>ബയോടെക്നോളജി – 1<br>കമ്പ്യൂട്ടർ സയൻസ് – 2<br>ജ്യോഗ്രഫി – 1<br>ബയോകെമിസ്ട്രി – 2<br>മൈക്രോബയോളജി – 1<br>മാത്തമാറ്റിക്സ് – 2 | ബി.എ<br>ഹിസ്റ്ററി – 4<br>മ്യൂസിക് – 1<br>ഇക്കണോമിക്സ് – 3<br>പൊളിറ്റിക്സ് – 2<br>സോഷ്യോളജി – 4<br>ജേർണലിസം – 2<br>സോഷ്യൽ വർക്ക് – 2<br>ഫിലോസഫി – 2<br>മൾട്ടിമീഡിയ – 2<br><br>ബി.എസ്.സി<br>ഇലക്ട്രോണിക്സ് – 2<br>സുവോളജി – 3<br>കെമിസ്ട്രി – 6<br>ബയോടെക്നോളജി – 1<br>ഫുഡ് ടെക്നോളജി – 2<br>ജിയോളജി – 1<br>ജിയോഗ്രഫി – 3<br>സൈക്കോളജി – 7<br>മാത്തമാറ്റിക്സ് – 7<br>മൈക്രോബയോളജി – 2<br>ഫിസിക്സ് – 2<br>ബോട്ടണി – 1<br>സ്റ്റാറ്റിസ്റ്റിക്സ് – 2<br>കമ്പ്യൂട്ടർ സയൻസ് – 9<br>ബി.കോം/ബി.ബി.എ – 44 | ബി.എ<br>ഇക്കണോമിക്സ് – 4<br>ഹിസ്റ്ററി – 1<br>സോഷ്യോളജി – 3<br>പൊളിറ്റിക്കൽ സയൻസ് – 1<br>ട്രാവൽ & ടൂറിസം മാനേജ്മെന്റ് – 1<br>സോഷ്യൽ വർക്ക് – 1<br><br>ബി.എസ്.സി<br>കമ്പ്യൂട്ടർ സയൻസ് – 14<br>സൈക്കോളജി – 4<br>ഇലക്ട്രോണിക്സ് – 1<br>ഫിസിക്സ് – 2<br>മാത്തമാറ്റിക്സ് – 9<br>സുവോളജി – 4<br>കെമിസ്ട്രി – 3<br>മൈക്രോബയോളജി – 1<br>ബോട്ടണി – 2<br>ബി.കോം/ബി.ബി.എ – 49 |

| | | | |
|---|---|---|---|
| | ഫിസിക്സ് – 2<br>ജിയോളജി – 1<br>സ്റ്റാറ്റിറ്റിക്സ് – 1<br>ബി.കോം/ബി.ബി.എ – 23 | | |
| **ആകെ** | **61** | **114** | **100** |

S. J

സെക്ഷൻ ഓഫീസർ